


.facebook.com/palakkadpolice
www.twitter.com/DpcPalakkad

## 10 കിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി വാളയാറിൽ പിടിയിൽ

കേരളത്തേക്ക് കടത്തിയ പത്ത് കിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശിയെ വാളയാർ പോലീസും, ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്ന് അറസ്റ്റ് ചെയ്തു. തമിഴ്നാട്, തിരുപ്പൂർ, നാരായണപുരം സ്വദേശി മുരുകൻ, വ ഃ43 നെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ടിയാൻ സഞ്ചരിച്ച സ്കൂട്ടറിലാണ് ട്രാവൽ ബാഗിലാക്കിയ നിലയിൽ കഞ്ചാവ് സൂക്ഷിച്ചിരുന്നത്.



ജില്ലാ പോലീസ് മേധാവി സാബു IPS നു ലഭിച്ച രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ പാലക്കാട് DySP G. D. വിജയകുമാർ, നർകോട്ടിക് സെൽ DySP ബാബു K തോമസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 5 ലക്ഷം രൂപയോളം വില വരും. കഞ്ചാവിന്റെ ഉറവിടത്തെപ്പറ്റിയുള്ള അന്വേഷണം ഊർജ്ജിതമാക്കാനാണ് പോലീസ് നീക്കം.

വാളയാർ ഇൻസ്പെക്ടർ യൂസഫ് നടുത്തറമ്മൽ, S.I മാരായ ബിന്ദുലാൽ. P.B, ജോൺസൺ, SCPO അനിൽ കുമാർ, CPo. ഷിബു, ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ R. കിഷോർ,

K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ് , S.ഷനോസ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

.................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT